**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **19-09-2025 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസസൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അസൗകര്യങ്ങൾ കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനും അവർക്ക് പാർപ്പിട സൗകര്യത്തിനായി ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അസൗകര്യങ്ങൾ കണക്കിലെടുത്ത് അവ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ഉള്ള നടപടികൾ നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ചുള്ള നടപടികൾ പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴിയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണ നടപടികൾ തൊഴിൽ വകുപ്പ് മുഖേനയും നിലവിൽ സ്വീകരിച്ചുവരുന്നു.<br>സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിനായി 2024-25 വർഷം സംസ്ഥാന ബഡ്ജറ്റിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിനായി വകയിരുത്തിയിരുന്ന 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴി തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ലയങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനു മുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. ആയതിലേയ്ക്കായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് തയ്യാറാക്കിയ പദ്ധതി മാർഗരേഖ പ്രകാരം ഒരു ലേബർ യൂണിറ്റിന്റെ ഓരോ യൂണിറ്റിന്റേയും നവീകരണത്തിന് 50,000/- രൂപ എന്ന രീതിയിലും പുതുതായി ലയങ്ങൾ നിർമ്മിക്കുന്നതിന്, തൊഴിലുടമയ്ക്കുണ്ടാകുന്ന യഥാർത്ഥ ചെലവിന്റെ 2 ലക്ഷം രൂപ എന്ന രീതിയിലുമാണ് സഹായം പരിമിതപ്പെടുത്തിയിരിക്കുന്നത്. 274 പുതിയ ലേബർ ലൈൻ യൂണിറ്റുകളുടെ നിർമാണത്തിനുള്ള പ്രൊപ്പോസലും 3634 ലേബർ ലൈൻ യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലും ഉൾപ്പെടെ ആകെ 3908 ലേബർ ലൈൻ |

യൂണിറ്റുകളുടെ 86 പദ്ധതി രൂപരേഖകൾ (DPRs) ജില്ലാ ഓഫീസുകളിൽ 29.07.2025 വരെയുള്ള കണക്കുകൾ പ്രകാരം ലഭിച്ചിട്ടുണ്ടെന്നും പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിൽ 52 പദ്ധതി രൂപരേഖകൾ ഇത് വരെ അംഗീകരിച്ച് നല്കുകയും ചെയ്തിട്ടുണ്ടെന്നും ഇടുക്കി ജില്ലയിൽ മാത്രം 2024-25 സാമ്പത്തിക വർഷം പദ്ധതി വഴി പ്രവൃത്തി പൂർത്തീകരിച്ച 15 എസ്റ്റേറ്റുകൾക്കായി 80,81,106/- രൂപ സബ്സിഡി വിതരണം ചെയ്തിട്ടുണ്ടെന്നും പ്ലാന്റേഷൻ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ പൂട്ടിക്കിടക്കുന്ന 15 ഓളം തോട്ടങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിലെയും, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ലയങ്ങളുടെയും പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ തൊഴിൽ വകുപ്പ് മുഖേന നിലവിൽ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുന:രുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി, ബഹു.ധനകാര്യ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 2023 ജൂലൈ 27-ന് ബോണക്കാട് എസ്റ്റേറ്റിലെ സ്റ്റാഫ് ക്ലബ്ബിൽ വച്ച് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റിലെ 4 ഡിവിഷനുകളിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി 3,99,76,904 (മൂന്നു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി നാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വയ്ക്കുകയും 04.06.2025 തീയതിയിൽ ലയങ്ങളുടെ വർക്ക് ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ബി.എ.1 ഡിവിഷനിലെയും ജി.ബി.ഡിവിഷനിലെയും 7 ലയങ്ങളുടെ വീതം വർക്ക് പൂർത്തിയായിട്ടുള്ളതും ബി.എ.1 ഡിവിഷനിലെ മറ്റ് 2 ലയങ്ങളുടെ വർക്ക് നടന്നുകൊണ്ടിരിക്കുന്നതും, ജി.ബി ഡിവിഷനിലെ 2 ലയങ്ങളുടെ സിവിൽ ഉടൻ ആരംഭിക്കുന്നതും ടോപ്പ് ഡിവിഷനിലെ ലയങ്ങളുടെ വർക്ക് 17.10.2025 ന് ആരംഭിക്കുന്നതാണെന്നും ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, മുട്ടം ലഭ്യമാക്കിയ 33,70,000/- രൂപയുടെ (മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി 23/12/2024 തീയതിയിലെ സ.ഉ. (സാധാ)നം.1295/2024/തൊഴിൽ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി തുക പീരുമേട് താലൂക്കിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ പുതുതായി ചെയ്യുന്നതിനും നിർമ്മിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും, പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വർക്ക് പോർഷന്റെ നിശ്ചിത ശതമാനം തുക സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ സ്വീകരിച്ചു വരുന്നു.<br><br>മേൽ പ്രവർത്തനങ്ങൾക്ക് പുറമെ സംസ്ഥാനത്തെ തോട്ടം മേഖലയിലെ ലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.08.2025 തീയതിയായി ഒരു ഓൺലൈൻ യോഗം കൂടി ചേർന്നിരുന്നു. ടി യോഗത്തിലെ തീരുമാനാനുസരണം തോട്ടം മേഖലയിലെ ലയങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ കൂടുതൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം തോട്ടം തൊഴിലാളികളുടെ സുരക്ഷിതവും സൗകര്യപ്രദവുമായ വാസസ്ഥലം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള മേൽ നടപടികൾക്ക് പുറമെ കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ പരിസരത്തിലോ നിർമ്മിച്ച് നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഭവനം പദ്ധതി. ആയത് സംബന്ധിച്ചുള്ള നടപടികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>ഭവനം പദ്ധതി - മൂന്നാർ</u>**<br><br>ഭവനം ഫൗണ്ടേഷൻ, കേരള മുഖേന മൂന്നാർ കുറ്റിയാർവാലിയിൽ തൊഴിലാളികൾക്കായി 9 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>ഭവനം പദ്ധതി - ആർ.പി.എൽ</u>**<br><br>ഭവനം ഫൗണ്ടേഷൻ കേരള ഭവനം പദ്ധതി ആർ.പി.എൽ-ന് കീഴിൽ 2020-21 വർഷത്തിൽ 6 വീട്ടുകളുടെ (3 ഇരട്ട ഭവനങ്ങൾ) നിർമ്മാണം പൂർത്തിയാക്കി ആർ.പി.എൽ-ന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ